


വര: വി.എസ്. ഗിരീശൻ

**സെപ്തംബർ 12,13,14 തീയതികളിൽ എറണാകുളത്ത് വച്ച് നടക്കുന്ന**
**ആഗോള നിക്ഷേപകരുടെ സംഗമമായ എമർജിംഗ് കേരള സംഗമം മുന്നോട്ട് വയ്ക്കുന്ന**
**ഉയർന്നെഴുന്നേൽക്കുന്ന കേരളം ആശാവഹമോ ആശങ്കാവഹമോ?**
**ഇതോ കേരളത്തിന് അനുയോജ്യമായ വികസന മാതൃക എന്ന് ഹരിതപക്ഷത്ത് നിന്ന് അന്വേഷിക്കുന്നു**
**കേരളീയം വാർത്താശൃംഖല**

# എമർജിംഗ് കേരളയിൽ മുങ്ങിത്താഴുന്ന ഹരിതകേരളം

**എത്ര** ശ്വാസം മുട്ടിയിട്ടും, എത്രയോ പരിക്കുകളേറ്റിട്ടും ഉണങ്ങാത്ത മുറിവുകൾക്ക് മേൽ വീണ്ടും 'വികസന'ത്തിന്റെ മൂർച്ചയേറിയ വാൾത്തല ആഴ്ന്നിറക്കാനൊരുങ്ങുകയാണ് എമർജിംഗ് കേരളം. ലോലവും സങ്കീർണ്ണതകളുള്ളതുമായ കേരളത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥയും സമാനതകളില്ലാത്ത സവിശേഷ സാമൂഹിക സാഹചര്യങ്ങളും പരിഗണിക്കാത്ത ഏകപക്ഷീയതയാണ് വികസനത്തിന്റെ രാഷ്ട്രീയമെന്ന് ഭരണകൂടം ഇതിനകം തീരുമാനിച്ചുറപ്പിക്കുകയും പ്രായോഗികമാക്കുകയും ചെയ്യുന്നുണ്ട്. ആ സമീപനത്തിന്റെ ഒരു നവ-പരിഷ്കൃത രൂപം മാത്രമാണ് എമർജിംഗ് കേരള. ജനിക്കുന്നതിനു മുൻപേ അതിന്റെ ജന്മോദ്ദേശം കുറിക്കപ്പെട്ടിരിക്കുന്നു. കടലോരം മുതൽ കൊടുംകാടു വരെ കച്ചവടമാക്കാനുള്ള രൂപരേഖകൾ സർക്കാർ ഫയലുകളിൽ ഭദ്രമാക്കപ്പെട്ടിരിക്കുന്നു. ഇനി വേണ്ടത് എല്ലാ ആർഭാടങ്ങളുമുള്ള ഒരു ചടങ്ങ് മാത്രം. വരുന്ന സെപ്തംബർ 12,13,14 തീയതികളിൽ ഏറ്റവും അനുയോജ്യമായ കൊച്ചിയിലെ ലെ മെറിഡിയൻ ഹോട്ടലിൽ വച്ച് ആ ചടങ്ങ് 'എമർജിംഗ് കേരള 2012' എന്ന പേരിൽ ആവേശപൂർവ്വം നടക്കുകയാണ്.

നിക്ഷേപകരോടുള്ള രാഷ്ട്രീയ നേതൃത്വങ്ങളുടെ ഉദാരത പ്രകടിപ്പിക്കാനുള്ള ഒരു വേദികൂടിയായി മാറുന്നു എമർജിംഗ് കേരള. നിക്ഷേപകർക്ക് 'തടസ്സ' മുണ്ടാക്കുന്ന നിയമങ്ങൾ കേരളത്തിൽ നിരവധിയുണ്ട്. അവർക്ക് അതൊരു ബുദ്ധിമുട്ടാകാത്ത വിധം നയപരമായി കാര്യങ്ങൾ നിർവ്വഹിക്കുക എന്നതും എമർജിംഗ് കേരളയുടെ ലക്ഷ്യമാണ്. നിയമതടസ്സങ്ങളൊന്നും കൂടാതെ നിക്ഷേപം വേഗത്തിലാക്കുന്നതിനുള്ള ഏകജാലക ക്ലിയറൻസ് സംവിധാനം കേരളത്തിന്റെ മാത്രം സവിശേഷതയായി, നിക്ഷേപ

കരെ ആകർഷിക്കും വിധം തയ്യാറാക്കിയ എമർജിംഗ് കേരള വെബ്സൈറ്റിൽ ഇക്കാര്യം എടുത്ത് പറയുന്നുണ്ട്. (ജനകീയ പ്രതിഷേധങ്ങളെ നിശബ്ദമാക്കാൻ ഏകജാലക അനുമതി നല്ല ആയുധമാണെന്ന് അനുഭവങ്ങളുടെ പിൻബലത്തിൽ സർക്കാറിന് നന്നായറിയാം).

ഭരണപ്രതിപക്ഷ കക്ഷികൾ ഭിന്നതയില്ലാതെ സ്വീകരിക്കുന്ന വിദേശമലയാളികളായ 'പത്മശ്രീ' വ്യവസായികളാണ് എമർജിംഗ് കേരളയുടെ ചുക്കാൻ പിടിക്കുന്നത് എന്നതുകൊണ്ടുതന്നെ വിമതസ്വരങ്ങൾ അവരുടെ ഭാഗത്ത് നിന്നും തുലോം തുച്ഛം. ആർക്കാണ് പിന്നെ എമർജിംഗ് കേരളയോട് ഇത്ര വിരോധം? വരേണ്യവികസനത്തിന്റെ ദുരിതങ്ങളനുഭവിക്കുന്ന ജനവിഭാഗങ്ങൾ – വിഭവചൂഷണത്തിന്റെയും കുടിയൊഴിപ്പിക്കലിന്റെയും പാരിസ്ഥിതിക അസന്തുലിതാവസ്ഥയുടെയും ഇരകളായിത്തീർന്നവർ, ഇത്തരം ഏകപക്ഷീയ വികസനം അശാസ്ത്രീയമെന്ന് തിരിച്ചറിയുന്ന, പൊതുവിഭവങ്ങൾ വിറ്റുതുലയ്ക്കാൻ അനുവദിക്കാത്ത സാമൂഹിക പ്രസ്ഥാനങ്ങൾ എമർജിംഗ് കേരളയ്ക്കെതിരെ ശബ്ദമുയർത്തി തുടങ്ങിയിരിക്കുന്നു. കാരണം ജീവിതം തന്നെ വിട്ടുകൊടുത്ത് അവരുയർത്തിയ സമരങ്ങൾ ചെറുത്ത് തോൽപ്പിച്ച, പ്രതിരോധിച്ച പല പദ്ധതികൾ സമാനരൂപത്തിലോ പ്രച്ഛന്നഭാവങ്ങളോടെയോ എമർജിംഗ് കേരളയിൽ വീണ്ടും അവതരിക്കുകയാണ്.

### എമർജിംഗ് അപകടങ്ങൾ

കോടികൾ മുതൽമുടക്കുള്ള 170ൽ അധികം പദ്ധതികളാണ് പ്രൈവറ്റ് പബ്ലിക്ക് പാർട്ടണർഷിപ്പി(പി.പി.പി)ലൂടെ ഈ ചെറിയ കേരളത്തിലേക്ക് കൊണ്ടുവരാൻ എമർജിംഗ് കേരള ശ്രമിക്കുന്നത്. പദ്ധതികൾ വേണ്ടി ഭൂമി കണ്ടെത്തുന്നതും അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതും പതിവുപോലെ സർക്കാർ തന്നെയാണ്. സർക്കാർ സ്ഥാപനങ്ങളുടെ പേരിലാണ് പദ്ധതികൾ തയ്യാറാക്കപ്പെട്ടിരിക്കുന്നതെങ്കിലും അവരുടെ പങ്കാളിത്തം നാമമാത്രം. പദ്ധതികളിൽ ഭൂരിപക്ഷത്തിന്റെയും നിർമ്മാണ – മേൽനോട്ട ചുമതല ഇൻകെലി (ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ്) നാണ് എന്നതാണ് മറ്റൊരു സങ്കീർണ്ണത. 74 ശതമാനം സ്വകാര്യ പങ്കാളിത്തവും 26 ശതമാനം സർക്കാർ ഓഹരിയുമുള്ള ഇൻകെൽ പ്രൈവറ്റ് പബ്ലിക്ക് പാർട്ട്ണർഷിപ്പ് പ്രോത്സാഹിപ്പിക്കുന്നതിനായി തുടങ്ങിയ സംരംഭമാണ്. ടി. ബാലകൃഷ്ണൻ ഐ.എ.എസ് ആണ് തലപ്പത്ത്. കഴിഞ്ഞ സർക്കാറിന്റെ കാലത്ത് കൊക്കക്കോളയെ ന്യായീകരിച്ചതടക്കമുള്ള കാര്യങ്ങളിലൂടെ സ്വന്തം പക്ഷമെന്താണ് വെളിപ്പെടുത്തിയ ഇദ്ദേഹത്തിന്റെ വികസനസങ്കൽപ്പം എന്താകുമെന്ന് ഇപ്പോൾ വ്യക്തമാണ്. കൃഷിഭൂമികളിലും ജനവാസകേന്ദ്രങ്ങളിലും സംരക്ഷിത വനങ്ങളിലും പരിസ്ഥിതി ദുർബല മേഖലകളിലും നിയന്ത്രിത തീരദേശങ്ങളിലുമാണ് പദ്ധതികളെല്ലാം വരുന്നതെന്ന് രൂപരേഖകളിൽ നിന്നും വ്യക്തം. അതിനെല്ലാം തടസ്സമാകുന്ന നെൽവയൽ നീർത്തടനിയമവും ഭൂപരിഷ്കരണ നിയമവും സർക്കാർ ഇതിനകം അട്ടിമറിച്ചുകഴിഞ്ഞു. മറ്റൊരു തടസ്സമായേക്കാവുന്ന മാധവഗാഡ്ഗിൽ കമ്മിറ്റി പശ്ചിഘട്ട റിപ്പോർട്ട് അംഗീകരിക്കാനിവില്ലെന്ന് മുഖ്യൻ തന്നെ നേരിട്ടുപറഞ്ഞിട്ടുമുണ്ട്. അതിവേഗ കോറിഡോറുകളും, ബി.ഒ.ടി പാതകളും, സീപ്ലെയിനും, എയർസ്ട്രിപ്പും, റിസോർട്ടുകളും, ആരോഗ്യനഗരവും, കേന്ദ്രീകൃത മാലിന്യസംസ്കരണ പ്ലാന്റുകളും, ഐ.ടി പാർക്കുകളും പെട്രോകെമിക്കൽ ഹബ്ബും, ഗ്യാസ്പവർപ്ലാന്റും, ഹൈഡൽ എനർജി പ്രോജക്ടുകളുമായി കേരളം നിറയാൻ പോകുമ്പോൾ ആരെല്ലാമാണ് നിശബ്ദരാക്കപ്പെടാൻ പോകുന്നത്, എന്തെല്ലാമാകും അതാര്യമാക്കപ്പെടുന്നത്? അതോ ഇവയെല്ലാമാകുമോ നമ്മുടെ ഭാവിസൂചകങ്ങൾ? എമർജിംഗ് കേരളയെക്കുറിച്ച് പ്രതികരണങ്ങൾ തിരയുകയാണ് കേരളീയം...

EMERGING KERALA 2012
Global Connect
12-14 September

# മെഗാ പദ്ധതികൾക്ക് ഇവിടെ ഇടമില്ല

**ഡോ. വി.എസ്. വിജയൻ**
(ഡയറക്ടർ, സലീംഅലി ഫൗണ്ടേഷൻ)

**കേരളത്തിന്** ഒട്ടും അനുയോജ്യമല്ലാത്ത മെഗാ പദ്ധതികളാണ് എമർജിംഗ് കേരളയിൽ വരാൻ പോകുന്നത്. പരിസ്ഥിതിക്ക് വലിയ നാശമുണ്ടാക്കാതെ ഈ പദ്ധതികളൊന്നും യാഥാർത്ഥ്യമാക്കാൻ കഴിയില്ല. നീർത്തടസംരക്ഷണ നിയമവും തോട്ടഭൂമികളുടെ അഞ്ച് ശതമാനം ടൂറിസം ആവശ്യങ്ങൾക്കായി വിട്ടുകൊടുക്കാനുള്ള ഭേദഗതിയുമെല്ലാം ഇതിന്റെ പശ്ചാത്തലത്തിലാണ് വായിക്കേണ്ടത്. എമർജിംഗ് കേരളയിൽ വരുന്ന ബഹുഭൂരിപക്ഷം പദ്ധതികളും ടൂറിസത്തിലാണ് കണ്ണുവയ്ക്കുന്നതെന്നതും ശ്രദ്ധിക്കണം. അഞ്ച് ശതമാനം ഭൂമി വളരെക്കുറവല്ലേ എന്ന് കേൾക്കുമ്പോൾ തോന്നും. എന്നാൽ എല്ലാ തോട്ടങ്ങളും ആ രീതിയിൽ ഭൂമി മാറ്റുകയാണെങ്കിൽ 9100 ഏക്കറുണ്ടാകും. അതൊരു വലിയ സംഖ്യയാണ്. നിരപ്പായ സ്ഥലത്ത് കെട്ടിടം പണിയുന്നതുപോലെയുള്ള നാശമല്ല അവിടെ സംഭവിക്കുന്നത്. തോട്ടങ്ങൾ ഏറെയും പശ്ചിമഘട്ടത്തോട് ചേർന്നുള്ള മലകളിലാണുള്ളത്. വലിയ രീതിയിൽ മണ്ണിടിച്ചാൽ മാത്രമെ അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയുകയുള്ളൂ. പല തോട്ടങ്ങളിലേക്കുമുള്ള വഴി വനത്തിനുള്ളിലൂടെയാണ്. ടൂറിസം വ്യാപകമായാൽ വനങ്ങളിലെ ആവാസവ്യവസ്ഥയേയും അത് പ്രതികൂലമായി ബാധിക്കും. നാശം ഈ അഞ്ച് ശതമാനത്തിൽ മാത്രം ഒതുങ്ങില്ല എന്നതാണ് സത്യം. പാട്ടക്കാർ നഗ്നമായി ലംഘിക്കുന്ന എത്രയോ തോട്ടങ്ങളുണ്ട്. അവർക്കെതിരെ നടപടിയെടുക്കുന്നതിന് പകരം അവർക്ക് ഇളവുകൾ ചെയ്തുകൊടുക്കുന്നതിലാണ് സർക്കാർ താത്പര്യം കാണിക്കുന്നത്.

2005 വരെ നികത്തിയ നീർത്തങ്ങൾക്ക് നിയമപരമായി

അനുമതി നൽകിക്കൊണ്ടാണ് നീർത്തടസംരക്ഷണ നിയമം അട്ടിമറിച്ചിരിക്കുന്നത്. പരിസ്ഥിതി പരിഗണിക്കാത്ത ഒരു വികസന പദ്ധതിക്കും കേരളത്തിൽ ഇനി സാധ്യതയില്ല.

ഏകജാലക ക്ലിയറൻസ് സംവിധാനം വഴി കേരളത്തിൽ വേഗത്തിൽ അനുമതി ലഭിക്കും എന്നതാണ് ഒരു നേട്ടമായി സർക്കാർ എടുത്ത് പറയുന്നത്. ഏകജാലക ക്ലിയറൻസ് കമ്മിറ്റിയിൽ എല്ലാ വകുപ്പുകളുമുണ്ടെങ്കിലും വ്യവസായ വകുപ്പിന് പ്രബലമായ അധികാരമുള്ള സംവിധാനമാണത്. ശക്തമായ എതിർപ്പുണ്ടായാൽ മാത്രമെ വിനാശകരമായ ഒരു പദ്ധതിക്ക് അനുമതി നിഷേധിക്കപ്പെടുകയുള്ളൂ. വളന്തക്കാട് വരാനിരുന്ന ശോഭ ഹൈടെക് സിറ്റിക്ക് അനുമതി കൊടുക്കുന്നതിനായി ചേർന്ന ഏകജാലക കമ്മിറ്റിയുടെ യോഗത്തിൽ ഞാനും പങ്കെടുത്തിരുന്നു. പ്രോജക്ട് എന്തായിരുന്നു എന്നതിന് ഒരു പേജ് പ്രൊപ്പോസൽ മാത്രമാണ് അവർക്കുണ്ടായിരുന്നത്. ഞാൻ സ്ഥലം സന്ദർശിച്ചതാണ്. പരിസ്ഥിതി ലോലപ്രദേശമായ വളന്തക്കാട് പരിസ്ഥിതി ആഘാത പഠനം നടത്താതെ ഒരു പദ്ധതിയും അനുവദിക്കാൻ പാടില്ല. എന്നാൽ ഏകജാലകത്തിലൂടെ പദ്ധതി എങ്ങനെയും നടപ്പിലാക്കാനായിരുന്നു വ്യവസായ വകുപ്പിന്റെ നീക്കം. പക്ഷെ ഞാൻ ശക്തമായി മീറ്റിംഗിൽ അതിനെ എതിർത്തു. പിന്നെ മീറ്റിംഗ് നടന്നില്ല. ശോഭ ഹൈടെക് സിറ്റി പദ്ധതി നടക്കാതെ പോയി. ശക്തമായ എതിർപ്പുണ്ടായില്ലെങ്കിൽ പദ്ധതി യാഥാർത്ഥ്യമാകുമായിരുന്നു. അന്നത്തെ വ്യവസായ വകുപ്പ് സെക്രട്ടി ടി. ബാലകൃഷ്ണനാണ് ഇത്തരം പദ്ധതികൾക്കെല്ലാം വേണ്ടി ചുക്കാൻ പിടിച്ചത്. ആ ബാലകൃഷ്ണൻ തന്നെയാണ് എമർജിംഗ് കേരളയിലും നിർണ്ണായക റോളിലുള്ളത് എന്നതാണ് പ്രശ്നം. എമർജിംഗ് കേരളയ്ക്ക് ബദലായി ഹരിത വികസന മാതൃക മുന്നോട്ട് വയ്ക്കുന്നതിനായി ഒരു ആലോചന ഞങ്ങൾ നടത്തുന്നുണ്ട്. അത് സർക്കാറിന് മുന്നിൽ വയ്ക്കുകയും ചെയ്യും.

# പങ്കാളിത്ത വികസനം അട്ടിമറിക്കപ്പെടുന്നു

**ആർ. ശ്രീധർ**
**(ജി.എം. വിരുദ്ധ കാമ്പയിൻ പ്രവർത്തകൻ)**

**സൈലന്റ് വാലിക്ക്** ശേഷം കേരളത്തിൽ ഉയർന്നുവന്ന വ്യക്തമായ പാരിസ്ഥിതിക അവബോധമുള്ള ഒരു തലമുറ മുന്നോട്ട് കൊണ്ടുപോയ എല്ലാ പ്രവർത്തനങ്ങളെയും അട്ടിമറിക്കുന്ന പരിപാടികളാണ് എമർജിംഗ് കേരള മുന്നോട്ട് വയ്ക്കുന്നത്. വളരെ ലോലമായ പരിസ്ഥിതിയുള്ള കേരളത്തിന് താങ്ങാൻ കഴിയാത്ത പദ്ധതികളാണ് എന്ന പ്രശ്നം പ്രധാനമാണ്. എന്നാൽ ഉന്നയിക്കുന്ന മുഖ്യവിഷയം മറ്റൊന്നാണ്. ഇന്ത്യൻ ഭരണഘടനയുടെ 73-ാം ഭേദഗതി പ്രകാരം നിലവിൽ വന്ന പഞ്ചായത്തീരാജ് സംവിധാനത്തെയും അത് മുന്നോട്ട് വയ്ക്കുന്ന പ്രാദേശികതല വികസന മാതൃകകളെയും തകർക്കുന്ന നയമാണ് എമർജിംഗ് കേരളയുടേത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള വികേന്ദ്രീകൃത വികസന മാതൃകകളിലും നിരവധി പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയുമെങ്കിലും കേരളത്തിൽ ജനകീയാസൂത്രണ പദ്ധതി യാഥാർത്ഥ്യമായ ശേഷം പരിസ്ഥിതി സംരക്ഷണവും സാമൂഹിക നീതിയും ഉറപ്പുവരുത്തുന്ന നിരവധി പ്രവർത്തനങ്ങൾ പഞ്ചായത്തുകൾ വഴി നടന്നിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ മികച്ച പഞ്ചായത്തിനെ തിരഞ്ഞെടുക്കുന്നതിനായി നടത്തിയ ഗ്രീൻ കേരള എക്സ്പ്രസ് പോലെയുള്ള പരിപാടികളിൽ നമ്മൾ കണ്ടതാണ്. കാർഷിക രംഗത്തും മൃഗപരിപാലന രംഗത്തുമാണ് നേട്ടങ്ങളേറെയും. പ്രാദേശിക തൊഴിൽ മേഖലകളിൽ വലിയ വളർച്ചയുണ്ടായി. എന്തെല്ലാം വിമർശനങ്ങളുണ്ടെങ്കിലും കുടുംബശ്രീയുടെ പല പ്രവർത്തനങ്ങളും മാതൃകാപരമായിരുന്നു. ഏതാണ്ട് ഒരു ലക്ഷം ഏക്കറിൽ അവർ ഇന്ന് കൃഷി നടത്തുന്നുണ്ട്. ഇവരിൽ അധികവും ബി.പി.എൽ കുടുംബങ്ങളാണ്. തൊഴിൽരഹിതരായ ലക്ഷക്കണക്കിനാളുകൾക്ക് അഭയമായി മാറിയ 47,000 കുടുംബശ്രീ സംഘങ്ങൾ കേരളത്തിലുണ്ട്. ഈ രീതിയിൽ മികച്ച ഒരു വികസന മാതൃക മുന്നോട്ട് വച്ച സംരംഭങ്ങളെയെല്ലാം അവഗണിച്ചുകൊണ്ടാണ് എമർജിംഗ് കേരള വരുന്നത്.

എമർജിംഗ് കേരളയിലുള്ളതെല്ലാം കേന്ദ്രീകൃത പദ്ധതികളാണ്. പ്രാദേശിക ജനവിഭാഗങ്ങൾക്കോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ അവിടെ റോളൊന്നുമില്ല. വ്യാവസായിക കോറിഡോറുകളായി കേരളത്തെ തിരിച്ചിട്ട് വൻ നിക്ഷേപങ്ങൾ കൊണ്ടുവരാനാണ് സർക്കാർ പദ്ധതിയിടുന്നത്. കേന്ദ്രീകൃതമായ വലിയ വ്യവസായങ്ങൾ എന്ന സങ്കൽപ്പം തന്നെ ഇന്ന് പല രാജ്യങ്ങളും തള്ളിക്കളഞ്ഞുകൊണ്ടരിക്കുകയാണ്. വികേന്ദ്രീകൃതമായ പങ്കാളിത്ത വികസനത്തിനാണ് ഇന്ന് കൂടുതൽ സ്വീകാര്യത ലഭിക്കുന്നത്. പക്ഷെ കേരള സർക്കാറിന് ഇപ്പോഴും താത്പര്യം മുകളിൽ നിന്നും കോടികൾ താഴേക്ക് ഒഴുക്കുന്ന പദ്ധതികളാണ്. രാജീവ്ഗാന്ധിയുടെ വികേന്ദ്രീകൃത ആസൂത്രണമല്ല, ഉമ്മൻചാണ്ടിയുടെ ഇടിച്ചു നിരത്തൽ തന്ത്രങ്ങളാണ് തങ്ങൾക്ക് കൂടുതൽ ഹിതമെന്ന് കോൺഗ്രസുകാർ തീരുമാനിച്ചിട്ടുണ്ട്.

വികസന തർക്കങ്ങളുടെ പേരിൽ പഞ്ചായത്തുകളും സംസ്ഥാന സർക്കാറുകളും മുഖാമുഖം വാദിച്ച കേസുകളിൽ മിക്കതിലും ഭരണഘടനയുടെ 73-ാം ഭേദഗതി വ്യാഖ്യാനിച്ച് കോടതികൾ പഞ്ചായത്തുകൾക്ക് അനുകൂലമായി നിന്നത് പ്ലാച്ചിമടയുടെ കേസിലടക്കം നമ്മൾ കണ്ടതാണ്. ഭരണഘടനാപരമായ അധികാരം ഇപ്പോഴും പഞ്ചായത്തുകൾക്കുണ്ടെന്നതിന്റെ തെളിവുകളാണ് ആ കോടതി ഉത്തരവുകൾ. അത്തരം നിയമസാധ്യതകളെയെല്ലാം അട്ടിമറിക്കുക എന്ന ലക്ഷ്യവും എമർജിംഗ് കേരളയ്ക്കുണ്ട്.

നിക്ഷേപകരുടെ മാഫിയ സ്വഭാവമാണ് മറ്റൊരു പ്രശ്നം. എമർജിംഗ് കേരളയിലൂടെ ഏറെയും വരാനിരിക്കുന്ന പ്രൈവറ്റ് പാർട്ടണർ ഷിപ്പുകൾ ഗൾഫ് - കേരള സഹകരണത്തോടെയുള്ളവയാണ്. അവരുടെ പദ്ധതികൾ പലതും സുതാര്യമല്ല. ആറന്മുള എയർപ്പോർട്ടിന്റെ കാര്യത്തിൽ കണ്ടതു പോലെയുള്ള ബിനാമി ഏജന്റുകളാണ് പല നിക്ഷേപകരും.

# നീർത്തടങ്ങളിലൂടെ നാളെയിലേക്ക്

**ഡോ. എ. ലത**
**(പരിസ്ഥിതി പ്രവർത്തക)**

**ഹൈടെക്** വികസന സമീപനം മുന്നോട്ട് വയ്ക്കുന്ന എമർജിംഗ് കേരളയുടെ മുഖ്യലക്ഷ്യം നാട്ടിൽ നില നിൽക്കുന്ന നിയമങ്ങളൊന്നും ബാധകമല്ലാത്ത രീതിയിൽ നിക്ഷേപകർക്ക് സൗകര്യമൊരുക്കുക എന്നതാണ്. വർഷ ങ്ങൾ നീണ്ട ശ്രമങ്ങളുടെ ഫലമായാണ് വിഭവചൂഷണം തട യുന്നതും പരിസ്ഥിതിയെ സംരക്ഷിക്കാൻ കഴിയുന്നതുമായ പല നിയമങ്ങളും നിർമ്മിക്കപ്പെട്ടത്. എന്നാൽ ആ നിയമങ്ങ ളുടെയൊന്നും പ്രാധാന്യം മനസ്സിലാക്കാത്ത രാഷ്ട്രീയ നേതൃത്വങ്ങൾ പഴുതുകൾ കണ്ടെത്താനാണ് ഇപ്പോൾ ശ്രമി ക്കുന്നത്. പശ്ചിമഘട്ട വിദഗ്ധ സമിതി റിപ്പോർട്ട് (ഗാഡ്ഗിൽ കമ്മിറ്റി) പോലും തള്ളിക്കളയണമെന്ന് അവർ പറയുന്നത് നിയമങ്ങളെ അട്ടിമറിക്കാനാണ്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്



യാഥാർത്ഥ്യമാവുകയാണെങ്കിൽ എമർജിംഗ് കേരളയിൽ പറ യുന്ന ഈ ടൂറിസം പദ്ധതികളൊന്നും ഇവിടെ നടക്കില്ല. റിപ്പോർട്ട് നിലവിൽ വന്നാൽ പശ്ചിമഘട്ട മലനിരകളോട് ചേർന്ന് കിടക്കുന്ന പരിസ്ഥിതി ദുർബല പ്രദേശങ്ങളെല്ലാം എക്കോളജിക്കലി സെൻസിറ്റീവ് സോൺ – 1 ൽ വരും. അതോടെ വിനാശകരമായ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം അവിടെ തടയപ്പെടും. ടൂറിസം ലോബികൾക്ക് താത്പര്യമുള്ള മേഖലയും ഇതാണ്. നിയന്ത്രണവും വികസനവും ഒരുമിച്ച് മാത്രമെ ഈ സോണിൽ മുന്നോട്ട് പോകൂ. എന്നാൽ നിയ ന്ത്രണം എന്ന് പറയുന്നതിനോട് ടൂറിസം ലോബികൾക്ക് ഒട്ടും താത്പര്യമില്ല.

ചെറുകിട ജലവൈദ്യുത പദ്ധതികളാണ് എമർജിംഗ് കേര ളയിലൂടെ ഊർജ്ജ രംഗത്ത് വരുന്ന പ്രധാന നിക്ഷേപം. പുഴയുടെ ഫസ്റ്റ് ഓർഡർ സ്ട്രീമുകളിലാണ് ചെറുകിട ജല വൈദ്യുത പദ്ധതികൾക്ക് സാധ്യതയുള്ളത്. എന്നാൽ ഫസ്റ്റ് ഓർഡർ സ്ട്രീമിലെ നീരൊഴുക്ക് വൃഷ്ടിപ്രദേശത്തിന്റെ ആരോഗ്യത്തിനനുസരിച്ചാണ് എപ്പോഴും നിലനിൽക്കുന്നത്. നമ്മുടെ മിക്ക പുഴകളിലെയും വേനൽക്കാലത്തെ ഇപ്പോ ഴത്തെ നീരൊഴുക്ക് ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് ഒട്ടും പര്യാപ്തമല്ല. ജനവാസകേന്ദ്രത്തിലാണ് പുഴയുടെ വൃഷ്ടിപ്രദേശമുള്ളതെങ്കിൽ വേനൽക്കാലത്ത് പുഴയുടെ നീരൊഴുക്ക് ഉറപ്പായും കുറയും. അതോടെ പദ്ധതി സാമ്പ ത്തികമായി ലാഭകരമല്ലാതെയായി മാറും. വേനലിൽ നീരൊ ഴുക്ക് കുറയുമെന്നതിനാൽ നല്ല സ്റ്റോറേജ് ഉണ്ടെങ്കിൽ മാത്രമെ അപ്പോൾ വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയുക യുള്ളൂ. ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് അത്രയും വലിയ സംഭരണികൾ ഉണ്ടാവില്ല. ഗ്രിഡിലേക്ക് കൊടുക്കാ നുള്ള വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി ചെറുകിട ജല വൈദ്യുത പദ്ധതികൾ ആരംഭിക്കുന്നത് ഇക്കാരണങ്ങളാൽ നഷ്ടമാണ്. ഗ്രിഡിലേക്ക് കൊടുക്കാതെ ജനങ്ങളുടെ പങ്കാ ളിത്തത്തോടെ പഞ്ചായത്ത് മേൽനോട്ടം നൽകി പ്രാദേ ശിക ആവശ്യങ്ങൾക്കുള്ള വൈദ്യുതി ഉത്പാദിപ്പി ക്കുന്നതിന് ചെറുകിട ജലവൈദ്യുത പദ്ധതികൾ വളരെ അനുയോജ്യമാണ്. അധികം വേണ്ടിവരുന്ന വൈദ്യുതി മാത്രം ഗ്രിഡിൽ നിന്നും എടുത്താൽ മതി. അപ്പോൾ പദ്ധതി സാമ്പത്തികമായി ലാഭകരമായി മാറും. ഊർജ്ജപ്രതിസന്ധി ജനപങ്കാളിത്തത്തോടെ പരിഹരിക്കാനും കഴിയും.

കറന്റ് എങ്ങനെ ഉണ്ടാക്കാം എന്നതല്ല, പുഴ യിലെ നീരൊഴുക്ക് എങ്ങനെ നിലനിർത്താം എന്ന തിനെക്കുറിച്ചാണ് നാം ഗൗരവമായി ചിന്തിക്കേണ്ടി യിരിക്കുന്നത്. മഴവെള്ളത്തിന് ഭൂമിയിലേക്കിറങ്ങാൻ കഴിയാതെയായിരിക്കുന്നു. ഖനനവും ഏകവിളത്തോ ട്ടങ്ങളും ടൂറിസം കൈയ്യേറ്റങ്ങളും അശാസ്ത്രീയമായ റോഡ് നിർമ്മാണവും എല്ലാം വെള്ളത്തിന്റെ ഗതി മാറ്റിയിരിക്കുന്നു. ഭൂവിനിയോഗത്തിൽ വന്നിരിക്കുന്ന ഈ ഗുരുതരമായ മാറ്റമാണ് പുഴകളിലേക്കുള്ള നീരൊഴുക്ക് കുറച്ചതും ശുദ്ധജലക്ഷാമത്തിന് കാരണമായ തും. ഭൂവിനിയോഗം കുറച്ചുകൂടി കാര്യക്ഷമമായി നിർവ്വഹിച്ച് വെള്ളത്തിന് ഭൂമിയിലേക്കിറങ്ങിപ്പോകാനുള്ള വഴി തുറന്നു കൊടുക്കുന്ന നീർത്തടവികസന പദ്ധതികളാണ് ഇന്ന് കേര ളത്തിന്റെ അടിയന്തിര ആവശ്യം.

ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് യാഥാർത്ഥ്യമാക്കുകയാണ് എന്നതാണ് നിലവിലെ പ്രതിസന്ധികളെല്ലാം മറികടക്കാനുള്ള ഒരു മാർഗ്ഗം. പുതിയ നിയമങ്ങളൊന്നും അത് കൊണ്ടുവരു ന്നില്ല. നിലവിലുള്ള പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നതിനുള്ള ഒരു സംവിധാനം നിർമ്മിക്കുകയാണത്. പരിസ്ഥിതി സംരക്ഷണത്തിന് നമുക്ക് ശക്തമായ നിയമങ്ങളുണ്ട്. നാഷണൻ ഗ്രീൻ ട്രിബ്യൂണലിന്റെ രൂപീകരണത്തിന് ശേഷം അവയെല്ലാം കുറച്ചുകൂടി ശക്ത മായിട്ടുണ്ട്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാകുകയാ ണെങ്കിൽ അവയുടെ ശക്തി കുറച്ചുകൂടി കൂടും. അതുകൊ ണ്ടുതന്നെ, എമർജിംഗ് കേരളയെ പ്രതിരോധിക്കാൻ ഇപ്പോൾ നമ്മുടെ മുന്നിൽ ഏറ്റവും കരുത്തുറ്റ മാർഗ്ഗം ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് യാഥാർത്ഥ്യമാക്കാൻ ശ്രമിക്കുക എന്നതാണ്.

# കോടികൾ മാലിന്യപ്രശ്നത്തിന് പരിഹാരമല്ല

**ഷിബു.കെ. നായർ**
(വിഷയവിദഗ്ധൻ, മാലിന്യസംസ്കരണം)

**കൊല്ലാൻ** ആദ്യം തീരുമാനിച്ചിട്ട് പിന്നീട് കാരണം കണ്ടുപിടിക്കുന്നതുപോലെയുള്ള പരിപാടിയാണ് എമർജിംഗ് കേരള. മാലിന്യസംസ്കരണത്തിനുള്ള കേന്ദ്രീകൃത പദ്ധതികൾക്ക് അംഗീകാരം നേടിയെടുക്കുക എന്ന ലക്ഷ്യവും എമർജിംഗ് കേരളയ്ക്കുണ്ട്. കേരളത്തിന് ഇനി കേന്ദ്രീകൃത മാലിന്യസംസ്കരണ പദ്ധതികൾ മതി എന്ന് സർക്കാർ നേരത്തെ തീരുമാനിച്ചിട്ടുണ്ട്. അത്തരം മാതൃകകൾ തേടി ഒരുപാട് വിദേശയാത്രകൾ ഇപ്പോൾതന്നെ നടന്നുകഴിഞ്ഞു. കേന്ദ്രീകൃത മാലിന്യസംസ്കരണ പദ്ധതികളെല്ലാം അമ്പേ പരാജയമാണെന്ന് വിളപ്പിൽശാലയും ലാലൂരും ഞെളിയൻപറമ്പുമെല്ലാം തെളിയിച്ചിട്ടും അവിടങ്ങളിലെല്ലാമുയർന്ന ജനകീയപ്രതിരോധങ്ങളെ കണ്ടില്ലെന്നു നടിച്ച് വീണ്ടും കോടികൾ മുടക്കി കേന്ദ്രീകൃത പദ്ധതികൾ നടപ്പാക്കാനൊരുങ്ങുകയാണ് സർക്കാർ. ജനങ്ങളുടെ എതിർപ്പുകളെ മറികടക്കാനാണ് എമർജിംഗ് കേരളയിൽ ഉൾപ്പെടുത്തി അവ കൊണ്ടുവരാൻ ശ്രമിക്കുന്നത്. മാലിന്യമുക്ത കേരളം എന്ന ജനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തമുള്ള ഭേദപ്പെട്ട മാലിന്യസംസ്കരണ പരിപാടിയാണ് ഇതുവഴി അട്ടിമറിക്കപ്പെടുന്നത്. മാലിന്യങ്ങൾ നിർമ്മിക്കുകയും വലിച്ചെറിയുകയും ചെയ്യുന്ന മനുഷ്യസ്വഭാവത്തിൽ അടിസ്ഥാന മാറ്റങ്ങൾ വരുത്തുന്ന പല ക്യാമ്പയിനുകളുമുള്ള മാലിന്യമുക്തകേരളം വികേന്ദ്രീകൃത സംസ്കരണത്തിന് ഊന്നൽ നൽകുന്ന ഒന്നായിരുന്നു. ഫലപ്രദമായി അത് മുന്നോട്ട് കൊണ്ടുപോവുക തന്നെയാണ് മാലിന്യപ്രശ്നത്തിന് ഒരു പ്രധാന പരിഹാരം. എന്നാൽ സർക്കാറിന് കോടികൾ മുടക്കുന്ന മോഡലിൽ തന്നെയാണ് താത്പര്യം. മാലിന്യമുക്ത കേരളത്തിന് മേൽനോട്ടം വഹിച്ചിരുന്ന ശുചിത്വമിഷനിൽ അവർ വലിയ അഴിച്ചുപണി നടത്തി. മാലിന്യസംസ്കരണവുമായി നേരിട്ട് ബന്ധമില്ലാത്തവരാണ് ഇപ്പോൾ അതിലുള്ള വിദഗ്ധർ. തിരുവനന്തപുരം നഗരത്തിലെ മാലിന്യം വിളപ്പിൽശാലയിലേക്ക് കൊണ്ടുപോകാൻ കഴിയാതെ വന്നപ്പോൾ കൊച്ചുവേളിയിൽ റെയിൽവേ പ്ലാറ്റ്ഫോം നിർമ്മിക്കുന്നിടത്ത് മാലിന്യം നിറച്ച് പ്രശ്നം പരിഹരിക്കാം എന്ന അവരുടെ ആശയം പൊളിഞ്ഞുപോകാനുള്ള കാരണവും അതാണ്.




ബ്രഹ്മപുരം മോഡൽ എന്നെല്ലാം അവർ പറയുന്നുണ്ടെങ്കിലും മാലിന്യം കത്തിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള പരിപാടിയാണ് അവർ എമർജിംഗ് കേരളയിലൂടെ കൊണ്ടുവരുന്നത്. ഫലത്തിൽ അപകടകരമായ ഇൻസിനറേഷൻ (മാലിന്യം കത്തിക്കൽ) പരിപാടിയാണ് നടക്കാൻ പോകുന്നത്. സ്റ്റോക്ഹോം കൺവെൻഷനിൽ ഒപ്പുവച്ച ഇന്ത്യ നിയമപ്രകാരം ഇൻസിനറേഷൻ നടപ്പിലാക്കാൻ പാടില്ല. വിഷവാതകങ്ങളുടെ പുറംതള്ളൽ ഒഴിവാക്കാൻ കഴിയില്ല എന്നതിനാൽ പല വിദേശരാജ്യങ്ങളും എഴുതിത്തള്ളിയ പരിപാടിയാണ് ഇൻസിനറേഷൻ. മുനിസിപ്പൽ സോളിഡ് വെയ്സ്റ്റ് നിയമത്തിൽ പ്ലാസ്റ്റിക് കത്തിക്കാൻ പാടില്ല എന്ന് പ്രത്യേകം പറയുന്നുണ്ട്. ആ നിയമവും കാറ്റിൽ പറത്താനുള്ള നീക്കമാണ് നടക്കുന്നത്.

**മനുഷ്യസ്വഭാവത്തിൽ അടിസ്ഥാന മാറ്റങ്ങൾ വരുത്തുന്ന പല ക്യാമ്പയിനുകളുമുള്ള മാലിന്യമുക്തകേരളം വികേന്ദ്രീകൃത സംസ്കരണത്തിന് ഊന്നൽ നൽകുന്ന ഒന്നായിരുന്നു. ഫലപ്രദമായി അത് മുന്നോട്ട് കൊണ്ടുപോവുക തന്നെയാണ് മാലിന്യപ്രശ്നത്തിന് ഒരു പ്രധാന പരിഹാരം**

മാലിന്യത്തിൽ നിന്നും വൈദ്യുതി എന്ന സംരംഭം ലോകത്തൊരിടത്തും വിജയകരമായി നടപ്പിലാക്കപ്പെട്ടിട്ടില്ല. ഇന്ത്യയിൽ തന്നെ പലയിടത്തും പരീക്ഷിച്ചെങ്കിലും ഗ്രിഡിലേക്ക് കൊടുക്കാനൊന്നും കഴിഞ്ഞിട്ടില്ല. മാത്രമല്ല പ്ലാസ്റ്റിക് മാലിന്യങ്ങൾ വിദേശങ്ങളിലുള്ളതിലും കുറവായതിനാൽ മാലിന്യങ്ങൾ കത്തിക്കുമ്പോളുണ്ടാകുന്ന കലോറിഫിക് വാല്യൂ (calorific value)വിലും കുറവുണ്ടാകും. ഊർജ്ജോത്പാദനത്തിലെ കണക്കുകളിൽ അതും കാര്യമായ വ്യത്യാസം വരുത്തും.

മാലിന്യങ്ങൾ തരംതിരിക്കുക, ജൈവമാലിന്യങ്ങൾ വീടുകളിൽ തന്നെ സംസ്കരിക്കുക, പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക തുടങ്ങിയ മാലിന്യമുക്ത കേരളം പരിപാടി മുന്നോട്ട് വച്ച ക്യാമ്പയിനുകളെല്ലാം ഇതോടെ വെള്ളത്തിൽ വരച്ച വരപോലെയാകും. പൊതുജനത്തിന്റെ എത്രയോ പണം വെള്ളത്തിലുമാകും.

# സംസ്ഥാന പാതകളിലും ചുങ്കപ്പുരകൾ

**ഹാഷിം ചേന്നാമ്പിള്ളി**
**(ദേശീയപാത സംരക്ഷണ പ്രവർത്തകൻ)**

**നിലവിൽ** സഞ്ചാരസ്വാതന്ത്ര്യത്തിനായി നടക്കുന്ന ടോൾ വിരുദ്ധ സമരങ്ങളെ കണ്ടില്ലെന്ന് നടിക്കുന്ന കേരള സർക്കാർ എമർജിംഗ് കേരള പരിപാടിയിലൂടെ സംസ്ഥാന റോഡുകളിലും ടോൾ പിരിക്കാനുള്ള പദ്ധതികളുമായി മുന്നോട്ടുവരുന്നു. ഏറ്റവു കൂടുതൽ ജനങ്ങൾ ഉപയോഗിക്കുന്ന സംസ്ഥാനപാതകളിൽ സ്വകാര്യകമ്പനികളുടെ പങ്കാളിത്തത്തോടെ പുനരുദ്ധാരണ പ്രവർത്തനം നടത്തി ടോൾ പിരിക്കാനുള്ള നീക്കമാണ് സർക്കാർ നടത്തുന്നത്. പാലിയേക്കരയിൽ നടക്കുന്ന ടോൾ വിരുദ്ധ സമരം ടോളിന്റെ അസംബന്ധങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ തുറന്നുകാട്ടിയതിനാൽ എതിർപ്പുകൾ ഭയന്ന് എമർജിംഗ് കേരളയുടെ മറവിൽ പദ്ധതി നടപ്പിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ഇത് എമർജിംഗ് കേരളയുടെ ഭാഗമായി ഉയർന്നുവന്ന പദ്ധതിയല്ല. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സംസ്ഥാനപാതകൾ സ്വകാര്യവത്കരിക്കുന്നതാണ് സർക്കാറിന്റെ നയമെന്ന് വ്യക്തമാക്കിയിരുന്നു. അതോടെ കേരളത്തിലെ ഗ്രാമീണ റോഡുകൾ ഒഴികെയുള്ള 80 ശതമാനം റോഡുകൾ സ്വകാര്യകമ്പനികളുടെ കൈവശമാകും. നിലവിൽ ടോൾ റോഡിലൂടെ കടന്നുപോകുന്ന ചരക്കുവാഹനത്തിന് ഒരു കിലോമീറ്ററിന് 4 രൂപ 80 പൈസ എന്ന നിരക്കിലാണ് ടോൾ ചാർജ്ജ് കൊടുക്കേണ്ടി വരുന്നത്. സംസ്ഥാനപാതകളിലും ടോൾ വന്നാൽ ചരക്കുവാഹനങ്ങൾക്ക് അടയ്ക്കേണ്ടിവരുന്ന തുക വീണ്ടും കൂടും. ചരക്ക് കടത്ത്കൂലി വർദ്ധിക്കുന്നതോടെ അവശ്യസാധനങ്ങളുടെ വിലയും കേരളത്തിൽ വർദ്ധിക്കും എന്നതാണ് പ്രധാനപ്രശ്നം. ഡീസലിന് ഒരു രൂപ കൂടിയാൽ സാധനങ്ങളുടെ വിലയിൽ വരുന്ന വ്യത്യാസം നാം നേരിട്ട് അനുഭവിക്കാറുള്ളതാണ്. കേരളം പോലെ പുറമെ നിന്നും വരുന്ന ഭക്ഷ്യവസ്തുക്കളെ ആശ്രയിച്ച് കഴിയുന്ന സംസ്ഥാനത്തിന് ഈ വില വർദ്ധന തിരിച്ചടിയാകും.

15 വർഷത്തേക്കുള്ള അഡ്വാൻസ് റോഡ് നികുതി, ഇന്ധന സെസ് എന്നിവയെല്ലാം ഒരു വാഹന ഉടമ അടച്ചിട്ടും എന്തിന് സർക്കാർ സ്വകാര്യ നിക്ഷേപകരെ റോഡ് നിർമ്മാണത്തിനായി കൊണ്ടുവരുന്നു എന്ന മൗലികമായി ചോദ്യത്തിന് ഉത്തരം പറയാൻ സർക്കാറിന് ഇതേവരെ കഴിഞ്ഞിട്ടില്ല. ടോൾ പിരിവിന് പിന്നിലെ സാമ്പത്തിക ക്രമക്കേടുകളും അശാസ്ത്രീയതയും പാലിയേക്കര ടോൾ വിരുദ്ധ സമരം ഇതിനകം വ്യക്തമാക്കിയിട്ടുണ്ട്. അതിനൊന്നും സർക്കാറിന് മറുപടി പറയാനില്ല.

ദേശീയപാതയുടെ നവീകരണത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇനിയും കഴിയാത്ത സർക്കാർ സംസ്ഥാന പാതകൾ വിപുലീകരിക്കാനൊരുങ്ങുമ്പോൾ വീണ്ടും കുടിയൊഴിപ്പിക്കലുകൾ ഉണ്ടാകുമോ എന്ന ഭയവും ജനങ്ങൾക്കുണ്ട്.

# പരിസ്ഥിതി പരിഗണിക്കുന്ന നിക്ഷേപം വരട്ടെ

**അഡ്വ. വി. ഹരീഷ്**
**(പരിസ്ഥിതി-നിയമ ആക്ടിവിസ്റ്റ്, മാധ്യമപ്രവർത്തകൻ)**

**മൂലധന** ശക്തികൾക്ക് പ്രകൃതിവിഭവങ്ങൾ യഥേഷ്ടം എഴുതിക്കൊടുക്കാനുള്ള മേളയിൽ സർക്കാർ ഇടനിലക്കാരനായി നിൽക്കുന്ന എന്ന പരിപാടിക്ക് തുടക്കമിട്ടത് കഴിഞ്ഞ യു.ഡി.എഫ് സർക്കാറിന്റെ കാലത്ത് നടന്ന ഗ്ലോബൽ ഇൻവസ്റ്റേഷ്സ് മീറ്റി(ജിം)ലൂടെയായിരുന്നു. പരാജയപ്പെട്ട ജിം പിന്നീട് നടത്തിയവർക്ക് തന്നെ ഒരു തലവേദനയായി മാറി. ജിമ്മിന്റെ കുറച്ചുകൂടി പ്രൊഫഷണലായ രൂപമാണ് ഇപ്പോൾ എമർജിംഗ് കേരളയായി ആഘോഷിക്കാൻ പോകുന്നത്. പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യുന്ന ഒരു വ്യവസായനയമാണ് നമുക്ക് നിലവിലുള്ളത്.

പരിസ്ഥിതി വിഷയങ്ങൾ പരിഗണിക്കുന്നത് ഒരു തടസ്സമായാണ് വ്യവസായ നയം കണക്കിലാക്കുന്നത്. അത്തരം തടസ്സങ്ങൾക്കുള്ള മറയാണ് എമർജിംഗ് കേരള മീറ്റ്. നിക്ഷേപക സംഗമം തീർച്ചയായും സ്വീകരിക്കപ്പെടേണ്ടതാണ്. എന്നാൽ അത്, കേരളത്തിന്റെ പരിസ്ഥിതിയെ തർക്കാത്ത എന്തെല്ലാം സംരംഭങ്ങളാണ് നമുക്ക് അനുയോജ്യം എന്ന് ആലോചിച്ച് നിക്ഷേപങ്ങൾ ക്ഷണിക്കുന്ന വിധത്തിലാണ് നടപ്പിലാക്കപ്പെടേണ്ടത്. തീർച്ചയായും എമർജിംഗ് കേരള ആ രീതിയിലല്ല നടത്തപ്പെടുന്നത്. പൊതുവിഭവങ്ങൾ പരമാവധി കൊള്ളയടിച്ച് പ്രാദേശിക ജനതയുടെ ജീവിതം ദുസ്സഹമാക്കുന്നതും അവർക്ക് മാന്യമായ തൊഴിലവസരങ്ങൾ നൽകാത്തതുമായ നിക്ഷേപങ്ങളെക്കുറിച്ചാണ് എമർജിംഗ് കേരള ആലോചിക്കുന്നത് എന്ന് പദ്ധതി രൂപരേഖകളിൽ നിന്നും വ്യക്തമാണ്. നൂറ് കണക്കിന് വർഷങ്ങളായി ജനങ്ങൾ സംരക്ഷിക്കുന്ന ഭൂമിയും വിഭവങ്ങളും പിൻവാതിലിലൂടെ പതിച്ച് നൽകുന്ന സർക്കാർ പരിപാടി ആറന്മുള വിമാനത്താവളത്തിന്റെ കാര്യത്തിലടക്കം നമ്മൾ കണ്ടതാണ്. നീർത്തടങ്ങൾ വർഷങ്ങളായി സംരക്ഷിക്കുന്ന തദ്ദേശീയരോട് ആലോചിക്കുക പോലും ചെയ്യാതെയാണ് ആറന്മുളയിൽ അവ നികത്തിത്തുടങ്ങിയത്. അത്തരം നിക്ഷേപങ്ങളാണ് വരുന്നതെങ്കിൽ എമർജിംഗ് കേരളകൊണ്ട് പ്രയോജനമില്ല എന്നുമാത്രമല്ല, സർക്കാറിന് പിൽക്കാലത്ത് കൂടുതൽ പ്രയാസമായിത്തീരുകയും ചെയ്യും. ഭൂപരിഷ്കരണ നിയമവും (തോട്ടഭൂമികൾക്ക് അനുവദിച്ച ഇളവ്), നീർത്തട സംരക്ഷണ നിയമവും എന്തിന് ഭേദഗതി ചെയ്തു എന്നതിന് വ്യവക്തമായ ഉത്തരം നൽകാൻ കഴിയാതെ കഷ്ടപ്പെടുകയാണ് ഇപ്പോൾ സർക്കാർ. മുൻ വ്യവസായ വകുപ്പ് സെക്രട്ടറി ടി. ബാലകൃഷ്ണന്റെ നയമാണ് സർക്കാറിന്റെ വ്യവസായ നയം. കഴിഞ്ഞ സർക്കാറിന്റെ കാലത്ത് അദ്ദേഹം തുടങ്ങിവച്ച പരിപാടികളാണ് എമർജിംഗ് കേരളയിലൂടെ സഫലമാക്കാൻ പോകുന്നത്.

# കരിമണൽ ഖനനം അനുവദിക്കില്ല

## പാർത്ഥസാരഥി വർമ്മ

**(കരിമണൽ ഖനന വിരുദ്ധ സമരപ്രവർത്തകൻ)**

**ജനങ്ങൾ** സമരം ചെയ്ത് പരാജയപ്പെടുത്തിയ കരിമണൽ ഖനന പദ്ധതി ആലപ്പുഴയുടെ തീരത്തേക്ക് വീണ്ടും കൊണ്ടുവരാൻ എമർജിംഗ് കേരളയിൽ നീക്കം നടത്തുകയാണ്. സർക്കാർ പറയുന്ന വികസനം ആരെയാണ് ലക്ഷ്യം വയ്ക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. കേരളത്തിൽ തന്നെ ഏറ്റവും ദരിദ്രരായ ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലമാണ് ആലപ്പുഴ ജില്ലയിലെ കടലോര പ്രദേശം. അവർക്ക് അടിസ്ഥാന ജീവിതസൗകര്യങ്ങൾ പോലും ഇന്നും ലഭിക്കുന്നില്ല. അവരുടെ ജീവിതനിലവാരം ഉയരുന്ന തരത്തിലുള്ള ഒരു വികസനമല്ല എമർജിംഗ് കേരള പരിപാടി ലക്ഷ്യം വയ്ക്കുന്നത് എന്നതിന്റെ വ്യക്തമായ ഉദാഹരണമാണ് വീണ്ടും രംഗപ്രവേശം ചെയ്തിരിക്കുന്ന കരിമണൽ ഖനന പദ്ധതി. ദാരിദ്ര്യം മാറ്റാൻ വ്യക്തമായ പദ്ധകളില്ലാത്ത സർക്കാർ കടൽത്തീരത്ത് നിന്നും റൂട്ടൈയിൽ മണൽ കാർന്നെടുത്ത് ജനങ്ങളുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കാനാണ് ഒരുങ്ങുന്നത്. നഷ്ടമല്ലാതെ നേട്ടമൊന്നും ഖനനത്തിലൂടെ തദ്ദേശീയർക്കുണ്ടാകുന്നില്ല. അതുകൊണ്ട് തന്നെയാണ് ഒരിക്കൽ ശക്തമായ സമരത്തിലൂടെ ഈ പദ്ധതിയെ അവർ എതിർത്തത്.

ഖനനമുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ അതിലേറെ വലുതാണ്. സ്വാഭിവകമായി കടൽ കയറിക്കൊണ്ടിരിക്കുകയും മണൽ ഒലിച്ചുപോവുകയും ചെയ്യുന്ന തീരമാണ് ആലപ്പുഴയുടേത്. അത്തരം ദുർബലമായ ഒരു പ്രദേശത്ത് 20 വർഷത്തേക്ക് മണൽ കുഴിച്ചെടുക്കാനുള്ള അനുമതിയാണ് സർക്കാർ 2003ൽ കേരള റെയർ എർത്ത്സ് ആന്റ് മിനറൽസ് ലിമിറ്റഡ് കമ്പനിക്ക് നൽകിയിരുന്നത്. പാരിസ്ഥിതിക ആഘാത പഠനങ്ങളൊന്നും നടത്താതെ അനുമതി നൽകിയതിനെതിരെയും വ്യാപകമായ എതിർപ്പുണ്ടായിരുന്നു. ആലപ്പുഴ ജില്ലയിലെ തീരങ്ങൾ സ്വാഭിവകമായുണ്ടാകുന്ന കടൽകയറൽ പ്രതിഭാസം കാരണം തന്നെ നിരവധി പ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ട്. അത്തരം പ്രശ്നങ്ങൾ വ്യാപകമായി നിലനിൽക്കുന്ന, കായംകുളം കായലിനും അറബിക്കടലിനുമിടയിൽ ഒരു നാടപോലെ കിടക്കുന്ന പാരിസ്ഥിതിക ദുർബല പ്രദേശങ്ങളായ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിലാണ് കരിമണ് പദ്ധതി വീണ്ടും വരാനുദ്ദേശിക്കുന്നത്. ജനജീവിതം ദുസ്സഹമാക്കുന്ന ഈ ഖനനം തദ്ദേശവാസികൾ അനുവദിക്കില്ല എന്നത് ഉറപ്പാണ്. പാരിസ്ഥിതിക അനുമതി കിട്ടാനും പ്രയാസമാണ്. അതിനെയെല്ലാം അട്ടിമറിക്കാനാണ് സർക്കാർ വലിയ നിക്ഷേപക സംഗമത്തിന്റെ ഭാഗമായി പദ്ധതി വീണ്ടും കൊണ്ടുവരാൻ ശ്രമിക്കുന്നത്.

കരിമണൽ കയറ്റുമതി ചെയ്ത് ലാഭമുണ്ടാക്കാൻ പോകുന്നത് കമ്പനികൾ മാത്രമാണ്. സർക്കാറിന് ഭീമമായ നഷ്ടം തന്നെയാണ് പദ്ധതി വരുത്തിവയ്ക്കാൻ പോകുന്നത്. ജനസാന്ദ്രത വളരെക്കൂടിയ പ്രദേശത്താണ് ഖനനം നടത്താൻ ഉദ്ദേശിക്കുന്നത്. 30,000 കുടുംബങ്ങളാണ് ഈ പഞ്ചായത്തുകളിലുള്ളത്. ഇവരുടെ പുനരധിവാസത്തിന് തന്നെ ഒരു വലിയ തുക സർക്കാറിന് ചിലവാക്കേണ്ടിവരും.

ഒന്നരലക്ഷത്തോളം ജനങ്ങൾ പങ്കെടുത്ത സമരപരിപാടികളിലൂടെ പദ്ധതിയെ കെട്ടുകെട്ടിച്ച നാടാണിത് എന്ന് സർക്കാർ ഓർക്കുന്നത് നല്ലതാണ്. ജനലക്ഷങ്ങളുടെ എതിർപ്പിനെ അവഗണിച്ച് മുന്നോട്ട് പോകാനുള്ള നീക്കം സർക്കാറിന് ഗുണം ചെയ്യില്ല.

# സമരം ചെയ്തവർ അവഗണിക്കപ്പെടുന്നു

## എൻ. സുബ്രഹ്മണ്യൻ

**(സാമൂഹികപ്രവർത്തകൻ)**

**ഗെയിൽ** ഇന്ത്യ ലിമിറ്റഡിന്റെ കൊച്ചി-മംഗലാപുരം-ബാംഗ്ലൂർ പ്രകൃതി വാതക പൈപ്പ്ലൈൻ പദ്ധതിയുടെ സുരക്ഷയുമായി ബന്ധപ്പെട്ട് വ്യാപകമായ സമരങ്ങൾ കേരളത്തിലെമ്പാടും നടക്കുന്നുണ്ടല്ലോ. കൊച്ചി-മംഗലാപുരം-ബാംഗ്ലൂർ പ്രകൃതി വാതക പൈപ്പ്ലൈനുമായി ബന്ധിപ്പിച്ച് ചീമേനിയിൽ ഒരു പ്രകൃതിവാതക വൈദ്യുതി പദ്ധതി (1200 മെഗാവാൾട്ട്) തുടങ്ങാനാണ് സർക്കാർ ഇപ്പോൾ എമർജിംഗ് കേരള പരിപാടിയിലൂടെ ആലോചിക്കുന്നത്. ഗെയിൽ ഇന്ത്യ ലിമിറ്റഡിന്റെ പ്രകൃതിവാതക പൈപ്പ്ലൈൻ പദ്ധതി പോലും സുതാര്യമല്ലാതിരിക്കുകയും ജനങ്ങൾ പൈപ്പ്ലൈൻ കടന്നുപോകുന്ന പല സ്ഥലങ്ങളിലും സമരവുമായി രംഗത്ത് വരികയും ചെയ്ത സാഹചര്യമുണ്ടായിട്ടും അത്തരം പ്രശ്നങ്ങളൊന്നും പരിഗണിക്കാതെ മറ്റൊരു വലിയ പ്രകൃതിവാതക വൈദ്യുതി നിലയം പണിയാനാണ് സർക്കാർ ഒരുങ്ങുന്നത്. വാതകചോർച്ച മൂലമുണ്ടാകുന്ന അപകടങ്ങൾകൊണ്ട് വലിയ നാശനഷ്ടങ്ങളുണ്ടാവാൻ സാധ്യതയുള്ള പദ്ധതിയാണിതെന്ന് ഗെയിൽ തന്നെ സമ്മതിക്കുന്നുണ്ട്. ആ ആശങ്ക പരിഹരിക്കാൻ സർക്കാറിന് കഴിഞ്ഞിട്ടില്ല. ചീമേനിയിൽ വരാനിരുന്ന കൽക്കരി താപനിലയത്തിന്റെ പ്രശ്നങ്ങൾ തരിച്ചറിഞ്ഞ് സമരം ചെയ്ത് ആ പദ്ധതിയെ അവിടെ നിന്നും ഒഴിവാക്കിയിട്ട് അധികനാളുകളായിട്ടില്ല. അപ്പോഴാണ് അതേ സ്ഥലത്ത് പുതിയ പദ്ധതിയുമായി സർക്കാർ വീണ്ടും വരുന്നത്. പാരിസ്ഥിതിക ദുർബല പ്രദേശമായ ചീമേനി നിരവധി നീരുറവകളുള്ള ഒരു പ്രദേശമാണ്. (ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പ്രകാരം എക്കോളജിക്കറ്റി സെൻസിറ്റീവ് സോൺ 1ൽ ഉൾപ്പെടുന്ന പ്രദേശമാണ് ചീമേനി). പദ്ധതി വരുന്നതോടെ നീർച്ചാലുകളെല്ലാം ഇല്ലാതാവുകയും പ്രദേശത്ത് കടുത്ത കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയും ചെയ്യും. പദ്ധതിക്ക് ആവശ്യമായ വെള്ളം സമീപത്തുള്ള കാര്യങ്കോട് പുഴയിൽ നിന്നുമാണ് എടുക്കാൻ ഉദ്ദേശിക്കുന്നത്. ആ ജലസ്രോതസ്സും അതോടെ ജനങ്ങൾക്ക് അന്യമാകും. ജനങ്ങൾ ഒരു പദ്ധതിയെ എതിർത്ത് തോൽപ്പിച്ച സ്ഥലത്ത്, അവരോട് ആലോചിക്കാതെ മറ്റൊരു പദ്ധതി എമർജിംഗ് കേരളയിലൂടെ ഒളിച്ചുകടത്താൻ ശ്രമിക്കുന്നത് തീർച്ചയായും എതിർക്കപ്പെടണം.

## എമർജിംഗ് കേരളയിൽ എന്തെല്ലാം?

**എമർജിംഗ്** കേരളയിൽ 175 ഓളം പദ്ധതികളാണ് സംസ്ഥാനം മുന്നോട്ടു വെയ്ക്കുന്നത്. മോണോ റെയിൽ, കൊച്ചിയിലെ പെട്രോകെമിക്കൽ മേഖല, കൊച്ചി, പാലക്കാട് നാഷണൽ ഇൻവെസ്റ്റ്മെൻറ് ആൻഡ് മാനുഫാക്ചറിങ് സോൺ, കോട്ടയത്തെ ഐ.ഐ.ഐ.ടി, അതിവേഗ റെയിൽ പാത, സീപ്ലെയിൻ, കൊച്ചി ഇലക്ട്രോണിക് ഹബ്, ടൈറ്റാനിയം സ്പോഞ്ച് പ്രോജക്ട്, കൊച്ചി ഓഷ്യനേറിയം, ലൈഫ് സയൻസ് പാർക്ക്, ചീമേനി വൈദ്യുത പദ്ധതി തുടങ്ങിയ മെഗാ പദ്ധതികൾ കേരള വ്യവസായ വികസന കോർപ്പറേഷൻ മുന്നോട്ട് വച്ചിട്ടുണ്ട്. ഇൻകെൽ കിൻഫ്രയുമായി ചേർന്ന് ആസൂത്രണം ചെയ്തിട്ടുള്ള തിരൂരങ്ങാടി ബോട്ട് ക്ലബ്, മലപ്പുറം പാണക്കാട് വില്ലേജിൽ 183 ഏക്കറിൽ വികസിപ്പിക്കുന്ന എജ്യൂ ഹെൽത്ത് സിറ്റിയിലെ ഹോട്ടൽ, പാരാ ഗ്ലൈഡിങ്, ഹോട്ട് എയർ ബലൂൺ, ട്രക്കിങ്, സൈക്ലിങ് തുടങ്ങിയവയുടെ പ്രോത്സാഹനത്തിനുള്ള സാഹസിക വിനോദ കേന്ദ്രം, പീരുമേട്ടിലെ മിസ്റ്റ് സ്പാ, ആലപ്പുഴ അരൂക്കുറ്റിയിലെ അണ്ടർ വാട്ടർ അക്വേറിയം, നെല്ലിയാമ്പതിയിൽ ബൊട്ടാണിക്കൽ ഗാർഡനും ഫോറസ്റ്റ് ലോഡ്ജും, ധർമടത്തെ മറൈൻ ലഷർ ഐലൻഡ്, ദേവികുളത്ത് സ്പൈസ് റിസോർട്ട് എന്നിവയാണ് പ്രധാന ടൂറിസം പദ്ധതികൾ. മലപ്പുറത്തെ നിർദിഷ്ട എജ്യൂഹെൽത്ത് സിറ്റിയിലെ വിവിധ പദ്ധതികളാണ് ആരോഗ്യമേഖലയിൽ. ആയുർവേദ മരുന്ന് നിർമാണം, കുപ്പിവെള്ള നിർമാണം തുടങ്ങിയ 33 പദ്ധതികളാണ് ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ അവതരിപ്പിക്കപ്പെടുന്നത്. ടെക്നോ പാർക്കിന്റെ മൂന്നാം ഘട്ടവികസനം, കോഴിക്കോട്, കണ്ണൂർ, കാസർകോട് സൈബർ പാർക്കുകളുടെ വികസനം തുടങ്ങിയവയാണ് ഐ.ടി. മേഖലയിലെ പ്രധാന പദ്ധതികൾ. കെൽപാമിന്റെ സോഫ്റ്റ് ഡ്രിങ്ക് നിർമാണ പദ്ധതി, മറൈൻ ഫുഡ് പാർക്ക് തുടങ്ങിയവയാണ് ഭക്ഷ്യ സംസ്കരണ മേഖലയിൽ. പൂവാറിലെ കപ്പൽ അറ്റകുറ്റപ്പണി കേന്ദ്രവും എമർജിംഗ് കേരളയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചേർത്തലയിലെ എൽ.പി.ജി ബോട്ട്ലിങ് പ്ലാൻറ്, നഗരസഭകളിലെ മാലിന്യ സംസ്കരണ പദ്ധതികൾ, ബിഒടി റോഡുവികസന പദ്ധതികൾ എന്നിങ്ങനെ നീളുന്നു എമർജിംഗ് കേരള.

# നിയമങ്ങൾ കർശനമായി നടപ്പാക്കണം

**കെ. വേണു**
**(സ്വതന്ത്ര ചിന്തകൻ)**

**തദ്ദേശസ്വയംഭരണ** സ്ഥാപനങ്ങളുടെ പങ്കാളിത്തമുള്ള വികേന്ദ്രീകൃത മാതൃകകളെ എമർജിംഗ് കേരള പരിപാടി തകരാറിലാക്കും എന്നു പറയുന്നതിനോട് എനിക്ക് യോജിപ്പില്ല. കാരണം, മിക്കയിടങ്ങളിലും ജനദ്രോഹപരമായ പദ്ധതികൾക്ക് കൂട്ട് നിൽക്കുന്ന മാഫിയയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറിയിരിക്കുന്നു. മലയാറ്റൂരിൽ കരിങ്കൽ ക്വാറിക്കെതിരെ നടക്കുന്ന സമരത്തിൽ പങ്കെടുക്കാനെത്തിയപ്പോൾ പഞ്ചായത്തിലെ മുഴുവൻ അംഗങ്ങളും അനധികൃത കരിങ്കൽ ക്വാറിക്ക് ഒത്താശ ചെയ്യുന്നതായാണ് കാണാൻ കഴിഞ്ഞത്. ഇത് ഒറ്റപ്പെട്ട അനുഭവമല്ല. തൃശൂർ ജില്ലയിലെ കണ്ടാണിശ്ശേരിയിൽ അനധികൃതമായി കുടിവെള്ളമൂറ്റുന്നവർക്ക് കൂട്ടുനിൽക്കുന്നത് പഞ്ചായത്താണ്. ഇവിടങ്ങളിലെല്ലാം ജനങ്ങൾ എതിർക്കുന്നത് മാഫിയയേയും പഞ്ചായത്തിനേയുമാണ്. അനധികൃത പ്രവർത്തനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള ഒരു ഏജൻസിയായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറിയിരിക്കുന്നു. അത്തരമൊരു സാഹചര്യം നിലനിൽക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തമുള്ള വികസനമാണ് നല്ലത്, കേന്ദ്രീകൃത വികസനം മോശമാണ് എന്ന് കണ്ണടച്ച് പറയാൻ കഴിയില്ല. ഗ്രാമസഭകൾ പോലും കൂടാൻ തയ്യാറാകാത്ത പഞ്ചായത്തുകൾക്ക് എന്ത് ജനപങ്കാളിത്തമാണ് ഉറപ്പുവരുത്താൻ കഴിയുന്നത്? സ്വകാര്യസംരംഭകരിലൂടെ മാത്രമെ വികസന പ്രവർത്തനങ്ങൾ സാധ്യമാകൂ എന്നതാണ് സമകാലിക യാഥാർത്ഥ്യം. പൊതുമേഖലാ സംരംഭങ്ങൾ മാത്രമാണ് മെച്ചം, സ്വകാര്യമേഖല മോശമാണ് എന്ന് പറയുന്നതിന് എന്ത് ചരിത്ര പശ്ചാത്തലമാണുള്ളത്. ജനദ്രോഹകരവും അധികാര കേന്ദ്രീകൃതവുമായിരുന്നു ലോകത്തുണ്ടായിരുന്ന എല്ലാ പൊതുമേഖലാ സംരംഭങ്ങളുമെന്ന് ചരിത്രം തെളിയിച്ചതാണ്. എക്സ്പ്രസ് ഹൈവേ യാഥാർത്ഥ്യമാകാതെ പോയത് വലിയ നഷ്ടമായി എന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. അത്രയ്ക്ക് അപര്യാപ്തമാണ് നമ്മുടെ റോഡുകൾ. നിലവിലെ റോഡ് വികസിപ്പിച്ചതുകൊണ്ട് മാത്രം പ്രശ്നം പരിഹരിക്കാൻ കഴിയില്ല. വരും വർഷങ്ങളിൽ അത് നമുക്ക് കൂടുതൽ ബോധ്യമാകും. എക്സ്പ്രസ് ഹൈവേ പോലെയുള്ള പദ്ധതികൾ എമർജിംഗ് കേരളയിൽ വരുന്നുണ്ടെങ്കിൽ അതിനെ സ്വാഗതം ചെയ്യുകയാണ് വേണ്ടത്.

പരിസ്ഥിതിക്ക് വിനാശമുണ്ടാക്കുന്ന ടൂറിസം പദ്ധതികൾ എമർജിംഗ് കേരളയിലൂടെ വരുന്നു എന്ന് പറയുന്നതും വസ്തുതകൾക്ക് നിരാക്കാത്ത കാര്യമാണ്. പൂർണ്ണമായും പരിസ്ഥിതി തകർപ്പെട്ടാൽ തീർച്ചയായും നിലനിൽപ്പില്ലാതെയാകുന്നത് ടൂറിസം നിക്ഷേപകർക്ക് തന്നെയാണ്. പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തേണ്ടത് അവരുടെയും ആവശ്യമാണെന്ന് അവർ നന്നായി തിരിച്ചറിയുന്നുണ്ട്. ടൂറിസം പദ്ധതികൾ കേന്ദ്രീകരിക്കുന്ന പ്രദേശത്തെ ജനങ്ങൾക്കും ഇന്ന് അതിനെക്കുറിച്ച് നല്ല ബോധ്യമുണ്ട്.

നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തപ്പെടുന്ന രീതിയിലാണ് പല പദ്ധതികളുടെയും രൂപരേഖ എന്നതിനാൽ അവ തടയപ്പെടണം എന്ന് പറയാൻ പാടില്ല. സമൂഹത്തിന്റെ പൊതുവായ പ്രയോജനത്തിനുള്ള പദ്ധതികൾക്കായി നീർത്തടങ്ങൾ നികത്തണമെങ്കിൽ അതിന് അനുമതി നൽകുകതന്നെ വേണം. കാരണം, വെറും സ്വകാര്യതാത്പര്യങ്ങൾക്കായി നികത്തപ്പെട്ട നീർത്തടങ്ങളുടെ കണക്കിനെ അപേക്ഷിച്ച് എത്രയോ കുറവാണ് പൊതു ആവശ്യങ്ങൾക്കായി നികത്തപ്പെടുന്നത്. പരിസ്ഥിതി സംരക്ഷിക്കാൻ നിലവിലുള്ള പാരിസ്ഥിതിക നിയമങ്ങൾ പര്യാപ്തമാണ്. വികസന പദ്ധതികൾ നടപ്പിലാക്കപ്പെടുമ്പോൾ ആ നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയാൽ തന്നെ പരിസ്ഥിതി സംരക്ഷിക്കാൻ കഴിയും. അതിനുള്ള ശ്രമമാണുണ്ടാകേണ്ടത്.